ബി5-4545/14/ഡി.എ.

പുരാവസ്തു വകുപ്പദ്ധ്യക്ഷകാര്യാലയം
ശ്രീപാദം കൊട്ടാരം, ഫോർട്ട് പി. ഒ.
തിരുവനന്തപുരം - 23
ഫോൺ: 0471 - 2577465
e-mail: dirarch@bsnl.in

തീയതി: 05/12/2014.

## ടെൻഡർ നോട്ടീസ്

കേരള പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള താഴെപ്പറയുന്ന മ്യൂസിയങ്ങളിലും, സംരക്ഷിത സ്മാരകങ്ങളിലും ചിതലിനെതിരെ രാസ സംരക്ഷണം നടത്തുന്നതിന്, കേരള പുരാവസ്തു വകുപ്പദ്ധ്യക്ഷൻ, ബഹു. കേരള ഗവർണ്ണർക്കു വേണ്ടി ടെൻഡർ ക്ഷണിക്കുന്നു.

| ക്രമ നം. | മ്യൂസിയത്തിന്റെ പേര് | രാസസംരക്ഷണം നടത്തേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 1 | പത്മനാഭപുരം കൊട്ടാരം, തക്കല | 1,00,000 sq. feet |
| 2 | സുന്ദരവിലാസം കൊട്ടാരം, തിരുവനന്തപുരം | 11,800 sq. feet |
| 3 | പുണ്ഡരികപുരം ക്ഷേത്രം, തലയോലപ്പറമ്പ് | 4,045 sq. feet |
| 4 | ഊരമന നരസിംഹസ്വാമിക്ഷേത്രം | 15,156 sq. feet |
| 5 | കൽപ്പത്തൂർ പരദേവതാക്ഷേത്രം, കോഴിക്കോട് | 2,690 sq. feet |
| | | ആകെ 1,33,691 sq. feet |

## നിബന്ധനകൾ

1. ചിതലിനെതിരെ നടത്തുന്ന രാസസംരക്ഷണപ്പണികൾ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങൾ പാലിച്ചും നടത്തേണ്ടതാണ്.
2. ഇതിനായി ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ ഗുണമേന്മയുള്ളതും, യാതൊരുവിധ നിരോധനവും ഉള്ളവയായിരിക്കരുത്.
3. ഒരു സ്ക്വയർ ഫീറ്റ് സ്ഥലം രാസപ്രയോഗം നടത്തുന്നതിന് എത്ര രൂപ (നികുതി ഉൾപ്പെടെ) എന്ന രീതിയിൽ നിരക്ക് കാണിക്കേണ്ടതാണ്.
4. ടെൻഡർ ലഭിക്കുന്ന മുറയ്ക്ക് ഏറ്റവും കുറഞ്ഞ നിരക്ക് കാണിക്കുന്ന സ്ഥാപനത്തിന് കരാർ ഉറപ്പിക്കുന്നതാണ്. കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി ജോലി തുടങ്ങുന്നതിന് മുൻപ് വകുപ്പദ്ധ്യക്ഷന് ഡി.ഡി. ആയോ, മറ്റ് അനുവദനീയ രീതിയിലോ നൽകേണ്ടതാണ്.